# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1402 02.05.17 ൽ മറുപടിയ്ക്ക്

**വാഹനപ്പുക പരിശോധന കേന്ദ്രങ്ങൾ**

| ചോദ്യം<br>ശ്രീ.കെ. രാജൻ | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വാഹനപ്പുക പരിശോധന കേന്ദ്രങ്ങളിൽ നടത്തുന്ന പുകപരിശോധനയിൽ ഒരു വാഹനവും പരാജയപ്പെടാറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഒരു വാഹനവും പരാജയപ്പെടാത്ത സാഹചര്യമില്ല. പരിശോധനയിൽ പരാജയപ്പെടുന്ന വാഹനം വീണ്ടും റിപ്പയർ ചെയ്ത് ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് കൊടുക്കുന്ന രീതി നിലനിൽക്കുന്നു. ചില ടെസ്റ്റിംഗ് സ്റ്റേഷൻ ഉടമകൾ തെറ്റായ രീതിയിൽ സർട്ടിഫിക്കറ്റ് കൊടുക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; | (ബി) | തെറ്റായ സർട്ടിഫിക്കറ്റ് കൊടുക്കുന്നത് തടയുന്നതിനായി മോട്ടോർവാഹന വകുപ്പിന്റെ നിയന്ത്രണത്തിൽ കേന്ദ്രീകൃത കമ്പ്യൂട്ടറൈസ്ഡ് ടെസ്റ്റിംഗ് നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ കെൽ ട്രോണിന്റെ സഹായത്തോടെ കൈക്കൊണ്ടു വരുന്നു. |
| (സി) | വാഹനപ്പുക പരിശോധന കേന്ദ്രങ്ങളെ ഓൺലൈനിൽ ബന്ധിപ്പിച്ച് കേന്ദ്രീകൃതസംവിധാനത്തിലൂടെ മലിനീകരണത്തോത് കണക്കാക്കി സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഉണ്ട്. വാഹന പുക പരിശോധന കുറ്റമറ്റതാക്കുന്നതിന് മേൽ സൂചിപ്പിച്ച പ്രകാരം ഒരു കമ്പ്യൂട്ടറൈസ്ഡ് ടെസ്റ്റിംഗ് സംവിധാനം നിലവിൽ വരുത്തുന്നതിന് കെൽ ട്രോണിന്റെ സഹായത്തോടെ നടപടികൾ കൈക്കൊണ്ടു വരുന്നു. ആയതിന്റെ പരീക്ഷണ പരിശോധനകൾ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ